**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 82** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>പതിനാറുങ്ങൽ വെന്നിയൂർ ബൈപ്പാസ് റോഡ് നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി .എം. എ. സമീർ ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ പതിനാറുങ്ങൽ വെന്നിയൂർ ബൈപ്പാസ് റോഡ് നിർമ്മാണത്തിന് കിഫ്ബി ബോർഡിന്റെ അനുമതി ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ അനുമതി ലഭ്യമാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ പതിനാറുങ്ങൽ വെന്നിയൂർ ബൈപ്പാസ് പദ്ധതിക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടില്ല. 2017-18 ലെ സംസ്ഥാന ബജറ്റ് പ്രസംഗത്തിലാണ് പൂക്കിപ്പറമ്പ് - പതിനാറുങ്ങൽ ബൈപ്പാസ് റോഡ് (പതിനാറുങ്ങൽ വെന്നിയൂർ ബൈപ്പാസ്) കിഫ്ബി പദ്ധതിയായി പ്രഖ്യാപിക്കപ്പെട്ടത്. തുടർന്ന് 10-07-2017 ലെ സർക്കാർ ഉത്തരവ് നമ്പർ G.O.(Rt)No.942/2017/PWD പ്രകാരം പ്രസ്തുത പദ്ധതിക്ക് 100 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. പദ്ധതിയുടെ ഡി പി ആർ നിർവഹണ ഏജൻസി ആയ കെ ആർ എഫ് ബി ഇതുവരെ കിഫ്ബിയിൽ സമർപ്പിച്ചിട്ടില്ല. കെ ആർ എഫ് ബി യിൽ നിന്നും ലഭിച്ച വിവര പ്രകാരം പ്രസ്തുത പ്രവർത്തിയുടെ ഡി പി ആർ തയ്യാറാക്കൽ പി ഡബ്ല്യു ഡി ഡിസൈൻ, തിരുവനന്തപുരം കാര്യാലയത്തിന്റെ കീഴിൽ പുരോഗമിച്ച് വരികയാണ്.

**(ബി)** പ്രസ്തുത പദ്ധതിക്ക് അനുമതി ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ ടി പദ്ധതിയുടെ നിർവഹണ ഏജൻസിയായ കെ.ആർ.എഫ്.ബി.(കേരള റോഡ് ഫണ്ട് ബോർഡ്) കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**